നമ്പർ ഇഇ(2) 246/2013.

# കേരള സർക്കാർ
## കൃഷി വകുപ്പ്

## ലഘു ദർഘാസ് പരസ്യം

കേരള ഗവർണർക്കു വേണ്ടി കോഴിക്കോട് കൃഷി എക്സിക്യൂട്ടിവ് എഞ്ചിനീയർ, താഴെ വിവരിക്കുന്ന കാർഷിക യന്ത്രങ്ങൾ കേരളത്തിലെ വിവിധ ജില്ലകളിലെ അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ഓഫീസുകളിലേയ്ക്ക് വിതരണം ചെയ്യുന്നതിനായി നിശ്ചിത യോഗ്യതയുള്ള മെഷിനറി നിർമ്മാതാക്കൾ/ അംഗീകൃത ഡീലർമാർ എന്നിവരിൽ നിന്ന് മത്സര സ്വഭാവമുള്ള ദർഘാസുകൾ ടെണ്ടർ നമ്പരും പേരും ആലേഖനം ചെയ്ത മുദ്ര വെച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | വിതരണം ചെയ്യേണ്ട കാർഷിക യന്ത്രങ്ങൾ | ഏകദേശ എണ്ണം | ടെണ്ടർ ഫോറം വില | നിരത ദ്രവ്യം | കാലാവധി |
|---|---|---|---|---|---|
| 1 | പാഡി പവർ വീഡർ (3 റോ) | 4 | 750+ നികുതി. | ക്വാട്ട് ചെയ്യുന്ന തുകയുടെ 1% | 1 മാസം. |
| 2 | പോസ്റ്റ്ഹോൾ ഡിഗ്ഗർ (1.5 മുതൽ 2 അടി വ്യാസം) | 4 | 1000+ നികുതി. | " | " |
| 3 | ചെയിൻ സോ | 4 | 600+ നികുതി. | " | " |
| 4 | ടെലിസ്കോപ്പിക് ട്രീ പ്രൂണർ (മോട്ടോറൈസ്ഡ്) | 4 | 450+ നികുതി. | " | " |
| 5 | റൈഡിംഗ് ടൈപ്പ് ട്രാൻസ്പ്ലാൻറർ ( 8 വരി), ഓട്ടോമാറ്റിക് സീഡ്ലിംഗ് മെഷീൻ, 100 ട്രേ സഹിതം. | 2 | 5400+ നികുതി. | " | " |
| 6 | ലേസർ ലെവലർ. | 2 | 1400+ നികുതി. | " | " |
| 7 | നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ ഫ്രൂട്ട് പ്രോസസ്സിംഗ് മെഷിനറി സപ്ലൈ ചെയ്ത് സ്ഥാപിക്കൽ (വാഷിംഗ് യൂണിറ്റ്, ജൂസ്/പൾപ്പ് എക്സ്ട്രാക്ഷൻ സെക്ഷൻ, പ്രോസസ്സിംഗ് സെക്ഷൻ, പാക്കിംഗ് സെക്ഷൻ, ബോയിലർ, കാനിംഗ് സെക്ഷൻ ട്രയർ റൺ, ഓപ്പറേറ്റർ ട്രെയ്നിംഗ് തുടങ്ങിയവ ഉൾപ്പെടെ. | 1 യൂണിറ്റ് | 8300+ നികുതി. | " | 6 മാസം. |

ദർഘാസുകൾ ലഭിക്കുന്ന അവസാന തീയതി: - 06.03.2013 ഉച്ചയ്ക്ക് 3 മണി വരെ.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി - 07.03.2013 ഉച്ചയ്ക്ക് 1 മണി വരെ.

ദർഘാസുകൾ തുറക്കുന്ന സമയം - 07.03.2013 വൈകുന്നേരം 2,30.

മേൽ വിവരിച്ച ഏഴ് ഇനങ്ങളും പ്രത്യേകം പ്രത്യേകം ക്വാട്ട് ചെയ്യേണ്ടതാണ്. യന്ത്രസാമഗ്രികളുടെ വിശദാംശങ്ങൾ, സ്പെസിഫിക്കേഷൻ എന്നിവ ടെണ്ടർ രേഖകൾക്കൊപ്പം ലഭിക്കുന്നതാണ്. കൃഷി എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർദ്ദേശിക്കുന്നതനുസരിച്ച് ഈ യന്ത്രസാമഗ്രികൾ കേരളത്തിലെ വിവിധ ജില്ലകളിൽ വിതരണം ചെയ്യേണ്ടതാണ്.

(മറുപുറം)

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും താഴെ ഒപ്പു വെച്ച ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും **2013 മാർച്ച് 6** ഉച്ചയ്ക്ക് 1 മണിവരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിന്റെ വില പണമായോ, മണയോർഡറായോ അടച്ച് രേഖാമൂലം ആവശ്യപ്പെട്ടാൽ ദർഘാസ് ഫോറങ്ങൾ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിന്റെ തുക യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല.

അംഗീകൃത ബാങ്കിൽ നിന്നും എക്സിക്യൂട്ടിവ് എഞ്ചിനീയർ(കൃഷി) കോഴിക്കോട്, റീജ്യണൽ ഓഫീസ്, പുതിയറ എന്ന പേരിൽ അടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ്/ ടേം ഡെപ്പോസിറ്റ് ദർഘാസിനോടൊപ്പം നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. ദർഘാസ് ഫോറങ്ങളോടൊപ്പം **100** രൂപ മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിലുള്ള പ്രാഥമിക കരാറുടമ്പടി കൂടി സമർപ്പിക്കണം. ദർഘാസുകളെ സംബന്ധിച്ചുള്ള എല്ലാ സർക്കാർ നിബന്ധനകളും ഇതിനും ബാധകമായിരിക്കും. ഏതെങ്കിലും കാരണവശാൽ ടെണ്ടർ തുറക്കുന്ന തീയതിയിൽ പൊതു അവധി പ്രഖ്യാപിക്കപ്പെട്ടാൽ തൊട്ടടുത്ത പ്രവൃത്തി ദിവസത്തേയ്ക്ക് മാറ്റി വെയ്ക്കുന്നതായിരിക്കും.

**എക്സിക്യൂട്ടിവ് എഞ്ചിനീയർ (കൃഷി)**
**കേരളാ ഗവർണ്ണർക്കു വേണ്ടി.**

**കൃഷി എക്സിക്യൂട്ടിവ് എഞ്ചിനീയർ,**
**റീജിനൽ ഓഫിസ്, പുതിയറ. പി.ഒ.,**
**കോഴിക്കോട്-4. തീയതി: 07.02.2013.**
**ഫോൺ: 0495-2725354.**